തരങ്ങളിലെത്തിച്ച് അധഃകൃതരെ ഉയർത്തി ഒരു പുതിയ ജനാധിപത്യ സംസ്കാരം നിലവിൽ വരുത്തുകയും ഉദ്ബുദ്ധരായ ബഹുജനങ്ങളെ ബ്രിട്ടീഷ് വാഴ്ചയ്ക്കെതിരായ അന്തിമസമരത്തിനു തയ്യാറാവുകയും തന്നെയായിരുന്നു.

വ്യക്തിപരമായ ഒരു കുറിപ്പോടെ ഈ പ്രഭാഷണം അവസാനിപ്പിക്കട്ടെ: എന്റെ ഒരു കൃതി ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത് 1936 മെയ് 11–ാം തീയതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിലായിരുന്നു. അന്ന് കേളപ്പനായിരുന്നു മാതൃഭൂമിയുടെ പത്രാധിപർ. വാരികയുടെ പത്രാധിപർ ശ്രീ പി നാരായണൻ നായരും. 'രാവണവധാന്തത്തിലെ വിഭീഷണൻ' എന്ന കവിതയാണ് ഇങ്ങനെ ആദ്യമായി അച്ചടിമഷികൊണ്ട് അക്ഷീകതമാകാൻ യോഗമുണ്ടായത്. സാധാരണ നടപ്പിൽനിന്നു വ്യത്യസ്തമായി സാമ്രാജ്യം മോഹിച്ചു ശത്രുപക്ഷത്തു ചേർന്ന ഒരു ഒറ്റുകാരനായി ഈ കവിതയിൽ വിഭീഷണനെ ചിത്രീകരിച്ചിരുന്നു. തീരെ അപ്രസിദ്ധനായ പത്രലോകവുമായി ഒരു ബന്ധവുമില്ലാത്ത എന്റെ കവിത മലയാളസാഹിത്യത്തിലെ മഹാപ്രതിഭാശാലികളുടെ കേളീരംഗമായ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ആദ്യത്തെ പേജിൽത്തന്നെ അച്ചടിച്ചു വന്നുകണ്ടപ്പോൾ എനിക്കുണ്ടായ വികാരം സന്തോഷത്തേക്കാളേറെ അമ്പരപ്പായിരുന്നു. പിന്നീട് 'ഗുരുവും ശിഷ്യനും', 'സുഹാസിനീം സുമധുരഭാഷിണീം' 'നാസ്തികൻ' എന്ന എന്റെ മൂന്നു ഗദ്യലേഖനങ്ങൾകൂടി തുടരെത്തുടരെ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. ഇന്ത്യയുടെ കഠിനമായ ദാരിദ്ര്യത്തോടും ദരിദ്രജനതയെ അന്ധവിശ്വാസങ്ങൾകൊണ്ടു വീണ്ടുംവീണ്ടും വരിഞ്ഞുമുറുക്കുന്ന മതങ്ങളോടുമുള്ള തീക്ഷ്ണമായ പ്രതിഷേധമായിരുന്നു ഈ ലേഖനങ്ങളുടെ പ്രമേയം. എഴുത്തുകാരൻ എന്ന ഒരു റോൾ ജീവിതത്തിൽ എനിക്കു നിർവഹിക്കാനുണ്ടെന്ന ധാരണ എന്നിൽ അങ്കുരിച്ചത് ഇവയുടെ പ്രസിദ്ധീകരണത്തിന്റെ ഫലമായിട്ടാണ്. അതിനാൽ, എന്റെ സാഹിത്യജീവിതത്തിൽ കേളപ്പനോടും പി. നാരായണൻനായരോടും എനിക്കു വമ്പിച്ച കടപ്പാടാണുള്ളത്.

(16 ഒക്ടോബർ, 1988)

# 68. നെഹ്റു സ്മരണ

ഒരാളെ മറക്കാൻ എത്ര വർഷം വേണം? മരിച്ച ഒരാളുടെ ആശയാദർശങ്ങൾ മറക്കാനാണെങ്കിൽ ഏതാനും ദിവസം മതിയാവും. ജവാഹർലാൽ നെഹ്റു മരിച്ചിട്ട് ഇരുപത്തിനാലു വർഷങ്ങളായി. അദ്ദേഹത്തെ ഏറെക്കുറെയും അദ്ദേഹത്തിന്റെ ആശയാദർശങ്ങളെ ഏതാണ്ടു പൂർണമായും ഇന്ത്യ മറന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടാൻ എന്തിരിക്കുന്നു?

പക്ഷേ, നെഹ്റുവിന്റെ ആശയാദർശങ്ങളെ വിസ്മരിക്കുകയെന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആപല്ക്കരമാകുന്നു. ഇരുണ്ട അടിമത്തത്തിന്റെ നീണ്ട ഭൂതകാലത്തിൽനിന്ന് ഇന്ത്യയിലെ ജനകോടികളെ മോചിപ്പിക്കുകയും ഭൗതികമായും ആദ്ധ്യാത്മികമായും സമ്പന്നമായ ഒരു ജീവിതത്തിന് അവരെ അവകാശികളാക്കുകയുമെന്നതായിരുന്നു ജവാഹർലാൽ നെഹ്റുവിന്റെ ദീർഘജീവിത സാധന. സ്വാതന്ത്ര്യലബ്ധിക്കും സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ജനാധിപത്യചരിത്ര കാലത്തിലെ മാർഗദർശകങ്ങളായ ആശയാദർശങ്ങൾക്കും മററാരോടുമുള്ളതിലധികം നാം ജവാഹർലാൽ നെഹ്റുവിനോടു കടപ്പെട്ടിരിക്കുന്നു. ആ ആശയാദർശങ്ങളെ വിസ്മരിക്കുക എന്നതിനർത്ഥം പുരോഗതിയെന്ന ലക്ഷ്യത്തിൽനിന്നു നാം അകന്നകന്നുപോവുകയെന്നതാണ്. പുതിയ പുതിയ ചതിക്കുഴികളിൽ രാഷ്ട്രം ചെന്നു കുടുങ്ങുകയെന്നതാണ്,

ഇന്ത്യയിൽ പാശ്ചാത്യരീതിയിലുള്ള ഉദാരജനാധിപത്യത്തിന്റെ ഏററവും ശക്തനായ വക്താവും പ്രയോക്താവുമായിരുന്നു ജവാഹർലാൽ നെഹ്റു. ജനസമ്മതത്തോടെയുള്ള ഭരണമാണ് ജനാധിപത്യം. ജനസമ്മതമെന്നാൽ ഭൂരിപക്ഷത്തിന്റെ മാത്രം സമ്മതമല്ല. കഴിയുന്നത്ര പൂർണമായ സർവസമ്മതമാണു ജനസമ്മതം. അധികാരം ഭൂരിപക്ഷത്തിന്റെ കൈയിൽ നിക്ഷിപ്തമെങ്കിലും തികഞ്ഞ സുരക്ഷിതത്വബോധവും സ്വാതന്ത്ര്യബോധവും ന്യൂനപക്ഷങ്ങൾക്കു കൈവരുമ്പോഴേ ജനാധിപത്യം കാര്യക്ഷമമാവുകയുള്ളൂ. തങ്ങളോടൊപ്പം ചുവടൊപ്പിച്ചു നീങ്ങുന്നതിനു ന്യൂനപക്ഷങ്ങളെ തയ്യാറാക്കുകയെന്നതു് ജനാധിപത്യത്തിൽ ഭൂരിപക്ഷത്തിന്റെ പ്രാഥമികമായ കടമയാകുന്നു. പിന്നെപ്പിന്നെ നാം ഈ വസ്തുത മറന്നുവരികയാണ്. സാധാരണകാലത്തിലെ അച്ചടക്കം തൊട്ടുതെറിക്കാത്ത ഭരണകളിയിലായാലും അടിയന്തരാവസ്ഥയിലെ അടച്ചുമൂടിയ ഇരുമ്പുമുഷ്ടിഭരണത്തിലായാലും ഒരേതരത്തിലുള്ള വിങ്ങലും വീർപ്പുമുട്ടലും നമ്മുടെ നാട്ടിലെ മത ജാതി–ഭാഷാ–പ്രദേശ ആശയ ന്യൂനപക്ഷങ്ങൾക്കു് അനുഭവപ്പെടുന്നുണ്ടെങ്കിൽ അതിനർത്ഥം ജനാധിപത്യ മാതൃക നമ്മുടെ നാട്ടിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നാണ്. അടിസ്ഥാനപരമായ ഈ പരാജയത്തിനു് ഒരു കാരണം, സ്വാതന്ത്ര്യസമരകാലത്തും ഭരണഘടനാനിർമാണാവസരത്തിലും ഭരണകാലത്തും ജനാധിപത്യത്തിന്റെ പ്രവർത്തനം സംബന്ധിച്ചു് ജവാഹർലാൽ നെഹ്റു നൽകിയ മാർഗദർശനത്തെ നെഹ്റുവിന്റെ അനുയായികൾ വിസ്മരിച്ചുവത്രെ.

പടിഞ്ഞാറൻ യൂറോപ്പിന്റെ ഉദാര ജനാധിപത്യ സിദ്ധാന്തങ്ങളെ തന്റെ കാലത്തു കിഴക്കേ യൂറോപ്പിൽ പ്രായോഗികദശയിലെത്തിക്കൊണ്ടിരുന്ന സോഷ്യലിസ്റ്റ് സാമ്പത്തിക സിദ്ധാന്തങ്ങളുമായി ഇണക്കുകയെന്നതും നെഹ്റുവിന്റെ ഒരു ദീർഘകാല സ്വപ്നമായിരുന്നു. രാഷ്ട്രത്തിന്റെ പൊതു സാമ്പത്തികജീവിതത്തെ നിയന്ത്രിക്കുന്ന ഉന്നത മേഖലകളെ ആസൂത്രണത്തിനു വിധേയമാക്കുന്ന മിശ്രസമ്പദ്‌വ്യവസ്ഥവഴി രാഷ്ട്രസമ്പത്തു വർദ്ധിപ്പിക്കുകയും പ്രയത്നിക്കാൻ തയ്യാറുള്ളവർക്കെല്ലാം പരിഷ്കൃത ജീവിതസൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യാമെന്നു് നെഹ്റു വിശ്വസിച്ചു. നെഹ്റുവിന്റെ സാമ്പത്തികാദർശങ്ങൾ പ്രായോഗികമായി നടപ്പിൽവരുത്തുന്നതിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും പിൻഗാമികൾക്കും നേരിട്ട പരാജയമാണു് നമ്മുടെ നാട്ടിൽ ഒരു സമാന്തര–കള്ളപ്പണ വ്യവസ്ഥ വളർന്നു പന്തലിക്കുന്നതിനു കാരണമായതു്. ഇന്ത്യയിലെ വ്യക്തിനിഷ്ഠവും സമൂഹനിഷ്ഠവുമായ ധർമബോധത്തെ ഏതാണ്ടു പൂർണമായിത്തന്നെ നശിപ്പിക്കാൻ ഈ കള്ളപ്പണവ്യവസ്ഥ കാരണമായിത്തീർന്നിട്ടുണ്ടു്. ഒരുപക്ഷേ, ഇന്ത്യയുടെ സാംസ്കാരികചരിത്രത്തിലെ ഏററവും ഇരുണ്ട ചില ദശാബ്ദങ്ങളിലൂടെയാണു നാമിപ്പോൾ കടന്നുപോവുന്നതു്.

പഴയ പാരമ്പര്യങ്ങളേയും ആചാരങ്ങളേയും വലിയതോതിൽ നിഷേധിച്ച ഒരു വ്യക്തിയായിരുന്നു ജവാഹർലാൽ നെഹ്റു. തങ്ങളെ ചങ്ങലയ്ക്കിടുകയും പരസ്പരം അകററുകയും ബഹുഭൂരിപക്ഷത്തെ നിത്യമർദനത്തിനു വിധേയമാക്കുകയും ശരീരത്തിന്റെയും ആത്മാവിന്റെയും സ്വതന്ത്രമായ വളർച്ചയ്ക്കു തടസ്സം സൃഷ്ടിക്കുകയുംചെയ്യുന്ന പാരമ്പര്യങ്ങളുടെയും ആചാരങ്ങളുടെയും ബന്ധനങ്ങളിൽനിന്നു ഭാരതീയ ജനത പൂർണമായും മോചനം നേടണമെന്നു് അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു് ഉദ്ബോധിപ്പിക്കാറുണ്ടായിരുന്നു. എങ്കിലും ഭൂതകാലത്തിൽനിന്നുതന്നെ തികച്ചും ഉന്മുക്തനാകുവാൻ അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചില്ല. ഭാരതീയരുടേതായിരുന്ന ഇപ്പോഴും ഭാരതീയരുടേതായ സാംസ്കാരികപൈതൃകത്തിൽ ജവാഹർലാൽ നെഹ്റുവിനു വലിയ അഭിമാനമുണ്ടായിരുന്നു. ഓർമയ്ക്കപ്പുറത്തുള്ള ഇന്ത്യയിലെ ഭൂതകാലത്തിലൂടെ ചരിത്രത്തിന്റെ പുലർവേളയോളം പിന്നോട്ടു നീണ്ടുപോകുന്ന ഇടമുറിയാത്ത ആ ശൃംഖലയിലെ കണ്ണികളാണു താനും തന്റെ നാട്ടിലെ ഓരോ വ്യക്തിയും എന്നു് അദ്ദേഹം വിശ്വ

സിച്ചു. പ്രസിദ്ധമായ തന്റെ ഒസ്യത്തിൽ ജവാഹർലാൽ നെഹ്റു ഇങ്ങനെ എഴുതി:

'ആ ശൃംഖലയെ ഞാൻ വിച്ഛേദിക്കുകയില്ല. കാരണം, ഞാൻ അതിനെ വിലമതിക്കുന്നു. അതിൽനിന്നു പ്രചോദനം തേടുകയുംചെയ്യുന്നു. എന്റെ ഈ ആഗ്രഹത്തിന് ഒരു സാക്ഷ്യമായും ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിന് എന്റെ അവസാനത്തെ ആരാധനയായും എന്റെ ശരീരം ദഹിപ്പിച്ച ചാരത്തിൽ ഒരു പിടി ഇന്ത്യയുടെ തീരങ്ങളിൽ അലയടിക്കുന്ന മഹാസമുദ്രത്തിലേക്ക് ഒഴുക്കപ്പെടുന്നതിന് അലഹാബാദിൽ ഗംഗയിൽ നിക്ഷേപിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.'

മനുഷ്യവർഗത്തിന്റെ വികാസത്തിൽ മതങ്ങൾ വഹിച്ച മഹത്തായ പങ്കിനെപ്പററി ചരിത്രകാരനായ നെഹ്റുവിനു തികഞ്ഞ ബോധമുണ്ടായിരുന്നു. മൂല്യങ്ങളും നിലവാരങ്ങളും മാർഗനിർദേശം നൽകുന്ന ആദർശങ്ങളും മനുഷ്യജീവിതത്തിന് മതങ്ങൾ നല്കി. 'പക്ഷേ, എത്രയെല്ലാം ഗുണങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും മതങ്ങൾ സത്യത്തെ തടവിലിടാനും സത്യത്തിന്റെ സ്ഥാനത്ത് ആചാരങ്ങളും മാമൂലുകളും പ്രതിഷ്ഠിക്കാനും ശ്രമിച്ചു. വെറും ചടങ്ങായി വളരെ വേഗം മാറുന്ന ആഡംബരങ്ങളെ അവ പ്രോത്സാഹിപ്പിച്ചു. തനിക്കു ചുററുമുള്ള അജ്ഞാതത്തിന്റെ ഭീതിദമായ രഹസ്യത്തെപ്പററി മനുഷ്യനെ ഉദ്ബോധിപ്പിച്ചതോടൊപ്പം മതങ്ങൾ ആ അജ്ഞാതത്തെ അറിയുന്നതിൽനിന്നു മാത്രമല്ല, സാമൂഹ്യപരിശ്രമത്തിന്റെ ഫലമായി നേട്ടങ്ങൾ ഉണ്ടാക്കുന്നതിൽനിന്നുകൂടി മനുഷ്യനെ വിലക്കി. ജിജ്ഞാസയേയും ചിന്തയേയും പ്രോത്സാഹിപ്പിക്കുന്നതിനു പകരം മതങ്ങൾ പ്രകൃതിക്കും സ്ഥാപനങ്ങൾക്കും നിലവിലുള്ള സമൂഹവ്യവസ്ഥയ്ക്കും—ഇപ്പോൾ ഇവിടെയുള്ള എല്ലാററിനും വഴങ്ങിക്കൊടുക്കണമെന്ന തത്ത്വശാസ്ത്രം പ്രചരിപ്പിച്ചു. തീർച്ചയായും മതങ്ങൾ ജനകോടികൾക്ക് ആശ്വാസവും മൂല്യപ്രതിഷ്ഠാപനത്തിലൂടെ സമൂഹത്തിനു സ്ഥിരതയും നല്കിയിട്ടുണ്ട്. അതേസമയം അവ മനുഷ്യസമൂഹത്തിൽ അന്തർലീനമായ മാററത്തിനും പുരോഗതിക്കുമുള്ള പ്രവണതയെ തടഞ്ഞുവയ്ക്കുകയുംചെയ്തു.'

മതത്തിന്റേതായ ഈ പതിക്കുഴികളിൽനിന്നു മിക്കപ്പോഴും രക്ഷപ്പെട്ട് ചിന്തയേയും അന്വേഷണത്തേയും പ്രോത്സാഹിപ്പിക്കുകയും യുക്തിയെ ആധാരമാക്കുകയും ചെയ്യുമ്പോഴും തത്ത്വദർശനങ്ങൾ ദൈനംദിന പ്രശ്നങ്ങളെ അവഗണിക്കുകയും സ്വന്തമായ ഒരു ദന്തഗോപുരത്തിൽ സ്വയം ഒററപ്പെടുകയും ചെയ്തു. ആത്യന്തിക കാര്യങ്ങളെ അവഗണിച്ച് ഇപ്പോൾ ഇവിടെ ഉള്ള വസ്തുതകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച സയൻസ് ആകട്ടെ മനുഷ്യവർഗത്തെ വളരെ വേഗം മുന്നോട്ടു നയിക്കുകയും ഉജ്ജ്വലമായ ഒരു ഭൗതികപരിഷ്കാരം കെട്ടിപ്പടുക്കുകയും അറിവിന്റെ വളർച്ചയ്ക്ക് അനേകായിരം പാതകൾ തുറന്നു തരുകയും ഭൗതികപ്രപഞ്ചത്തിന്റെ മേൽ വിജയം സാധ്യമാക്കുമാറു മനുഷ്യന്റെ കഴിവുകൾ അനന്തമായി വർദ്ധിപ്പിക്കുകയുംചെയ്തു. നെഹ്റുവിനെത്തന്നെ ഉദ്ധരിക്കട്ടെ:

'മനുഷ്യൻ ഏറെക്കുറെ ഒരു ഭൗതികശക്തിയായിത്തീർന്നു. രാസപരമായും ഭൗതികമായും മററു പലവിധത്തിലും അവൻ ഭൂമുഖത്തു മാററങ്ങൾ ഉളവാക്കി. പ്രപഞ്ചത്തെ തന്റെ ഇഷ്ടംപോലെ ഉടച്ചു വാർക്കാൻ അവനു കഴിയുമെന്ന സ്ഥിതി വന്നുചേർന്നു. അപ്പോഴും കാതലായ എന്തോ ഒന്നിന്റെ അഭാവം മനുഷ്യനു് അനുഭവപ്പെട്ടു; ജീവനുള്ള എന്തോ ഒന്നു തന്നിൽ ഇല്ലെന്നു തോന്നി. ആത്യന്തികങ്ങളായ ഉദ്ദേശ്യങ്ങളെപ്പററി മനുഷ്യനു് അറിഞ്ഞുകൂടാ; താല്ക്കാലിക ലക്ഷ്യങ്ങളെപ്പററിയുള്ള ധാരണപോലുമില്ല; കാരണം, ജീവിതത്തിനു് എന്തെങ്കിലും ഉദ്ദേശ്യമുണ്ടോ എന്നു് സയൻസ് നമ്മോടു പറഞ്ഞിട്ടില്ല. മാത്രമല്ല, പ്രകൃതിയെ കീഴടക്കാൻ അത്രമേൽ കരുത്തുണ്ടായിട്ടും മനുഷ്യനു തന്നെത്താൻ നിയന്ത്രിക്കാൻ കഴിവില്ല. മനുഷ്യൻ സൃഷ്ടിച്ച ഭർഭൂതം വെകിളിയെടുത്ത് ഓടാൻ തുടങ്ങിയിരിക്കുന്നു.'

'തത്ത്വദർശനത്തോടു ബന്ധപ്പെടുത്തിയ സയൻസിന്റെ വീക്ഷണവും സമീപനവും സ്വീകരിച്ചും അപ്പുറത്തുള്ള എല്ലാററിനോടും ആദരവോടുകൂടിയും വേണം നാം ജീവിതത്തെ അഭിമുഖീകരിക്കുവാൻ. ഭൂതകാലത്തിന്റെയും വർത്തമാനകാലത്തിന്റെയും ഉയർച്ചതാഴ്ചകളെ സമഗ്രമായി ഉൾക്കൊണ്ടുകൊണ്ടു് ശാന്തതയോടെ ഭാവികാലത്തെ നിരീക്ഷിക്കുന്ന ഒരു ഉദ്ഗ്രഥിത ജീവിതവീക്ഷണം അപ്പോൾ നമുക്കു വളർത്തിയെടുക്കാൻ കഴിഞ്ഞേക്കും. ജീവിതത്തിലൂടെയുള്ള മനുഷ്യന്റെ യാത്ര ആഹ്ലാദത്തിന്റെയും വിഷാദത്തിന്റെയും ഒരു അസാധാരണ മിശ്രിതമാണു്; അതങ്ങനെയായാൽ മാത്രമേ മനുഷ്യനു പഠിക്കാനും മുന്നേറാനും കഴിയൂ. ആത്മാവിന്റെ പീഡാനുഭവമെന്നതു് ഏകാന്തമായ ഒരു ദുഃഖസത്യമാകുന്നു. ബാഹ്യസംഭവങ്ങളും അവയുടെ ഫലങ്ങളും നമ്മെ ശക്തിയായി ബാധിക്കുന്നു. പക്ഷേ, നമ്മുടെ മനസ്സിനു് ഏററവും വലിയ ആഘാതങ്ങൾ നേരിടുന്നതു് ആന്തരങ്ങളായ ഭയങ്ങളിൽനിന്നും സംഘർഷങ്ങളിൽനിന്നുമാകുന്നു. അതിജീവിക്കണമെങ്കിൽ നാം ബാഹ്യതലത്തിൽ വിജയം നേടണം; അതേസമയം നാം നമ്മോടുതന്നെയും തമ്മിൽത്തമ്മിലും പരിസരത്തോടും സമാധാനത്തിൽ ജീവിക്കുകയും വേണം. ഈ സമാധാനം ഭൗതികാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതോടൊപ്പം നമ്മുടെ ആന്തരങ്ങളും ഭാവനാത്മകങ്ങളുമായ ചോദനങ്ങൾക്കും സംതൃപ്തി നൽകും. ചിന്തയുടെയും ക്രിയയുടെയും മണ്ഡലങ്ങളിലൂടെ ദുഷ്കരമായ യാത്ര ആരംഭിച്ചതുമുതൽ മനുഷ്യന്റെ സവിശേഷതയായിരുന്നതു് ഈ ആന്തരചോദനങ്ങളാകുന്നു. മനുഷ്യന്റെ ജീവിതയാത്രയ്ക്കു് എന്തെങ്കിലും ആത്യന്തികോദ്ദേശ്യമുണ്ടോ എന്നു നമുക്കു് അറിഞ്ഞുകൂടാ. എന്നാൽ, ഈ യാത്ര നമുക്കു വിലപ്പെട്ട പലതും നൽകുന്നു. നേടാൻ കഴിയുന്നതെന്നു തോന്നുന്ന പല സമീപലക്ഷ്യങ്ങളേയും ഈ യാത്ര നമുക്കു ചൂണ്ടിക്കാട്ടിത്തരുന്നു; ഈ സമീപലക്ഷ്യങ്ങൾ പുതിയ ഒരു പ്രയാണത്തിന്റെ ആരംഭബിന്ദുക്കളായിക്കൂടെന്നുമില്ല.'

നെഹ്റുസാഹിത്യത്തിലൂടെയുള്ള ഒരു പര്യടനം നെഹ്റു മരിച്ചു് ഇരുപത്തിനാലു വർഷങ്ങൾക്കുശേഷവും ആവേശകരമായ ഒരു അനുഭവമാണു്. ഭരണാധിപനായിരുന്ന നെഹ്റു വഞ്ചിക്കപ്പെട്ടിരിക്കാം. പക്ഷേ, എഴുത്തുകാരനായ, ചിന്തകനായ, കലാകാരനായ, സ്വപ്നദർശിയായ നെഹ്റു വഞ്ചനയ്ക്കു് അതീതനാണു്. അദ്ദേഹം തന്റെ ശരിയായ രൂപത്തിൽ സ്വന്തം കൃതികളിൽ ഇന്നും നമ്മോടുകൂടെയുണ്ടു്. വേണമെങ്കിൽ നമുക്കു് ഇന്നുതന്നെ അവയിലൂടെ അദ്ദേഹത്തോടു ഹൃദ്യമായ ഒരു അഭിമുഖസംഭാഷണം ആരംഭിക്കാവുന്നതേയുള്ളു.

(27 മെയ്, 1988)

## 69. ശിവരാമൻ

ശിവരാമനുമായി പരിചയപ്പെട്ടതു് എന്നാണു്? ഓർമയില്ല. അദ്ദേഹം വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ ഞാൻ ആ പരിചയം നേടിയിരിക്കണം. ശിവരാമന്റെ ഗുരു, പ്രസിദ്ധ ചിത്രകാരനായിരുന്ന കെ. സി. എസ്. പണിക്കർ എനിക്കു് പരിചിതനായിരുന്നു. പണിക്കരുടെ ശിഷ്യനും ശിവരാമന്റെ സതീർത്ഥ്യനുമായ ദേവനും വളരെ മുമ്പുതന്നെ എന്റെ സുഹൃത്തായിക്കഴിഞ്ഞിരുന്നു. ശിവരാമന്റെ ചിത്രങ്ങൾ ഞാൻ ആദ്യമായി കണ്ടതു് മദ്രാസിലെ 'ജയകേരള'ത്തിലായിരിക്കണം. അതിനാൽ, തികഞ്ഞ ആത്മവിശ്വാസത്തോടെയാണു് 'മാതൃഭൂമി'യിൽ സേവനത്തിനു് ശിവരാമനെ ഞാൻ ശുപാർശ ചെയ്തതു്.